ദേശാഭിമാനി

12 December 2023

# മത്സ്യമേഖലയിലെ അന്താരാഷ്ട്ര സഹകരണം: ശിൽപ്പശാല തുടങ്ങി

കൊച്ചി

മത്സ്യമേഖലയിലെ വെല്ലുവിളികൾ നേരിടാൻ രാജ്യങ്ങൾക്കിടയിൽ സഹകരണവും പങ്കാളിത്തവും വേണമെന്ന് ആഫ്രിക്കൻ–ഏഷ്യൻ റൂറൽ ഡെവലപ്മെന്റ് ഓർഗനൈസേഷൻ (ആർഡോ) അസിസ്റ്റന്റ് സെക്രട്ടറി ജനറൽ റാമി മഹമൂദ് അബ്ദുൽ ഹലീം ഖ്വൈതെഷാത്ത് പറഞ്ഞു.

സിഎംഎഫ്ആർഐ സംഘടിപ്പിക്കുന്ന രാജ്യാന്തര പരിശീലന ശിൽപ്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സമുദ്രവിഭവങ്ങളുടെ ചൂഷണവും വിനിയോഗവും സന്തുലിതമാകണം. കാലാവസ്ഥാവ്യതിയാനം ഉൾപ്പെടെയുള്ള വെല്ലുവിളികളെ നേരിടാൻ രാജ്യാന്തരതലത്തിൽ സഹകരണം വേണമെന്നും അദ്ദേഹം പറഞ്ഞു.

സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണൻ അധ്യക്ഷനായി. ആർഡോ ഗവേഷണവിഭാഗം മേധാവിയും പ്രോഗ്രാം കോ–ഓർഡിനേറ്ററുമായ ഡോ. ഖുഷ്നൂദ് അലി, സിഎംഎഫ്ആർഐ മാരികൾച്ചർ വിഭാഗം മേധാവി ഡോ. വി വി ആർ സുരേഷ്, ഡോ. ടി എം നജ്മുദീൻ എന്നിവർ സംസാരിച്ചു.

ഒമാൻ, ഈജിപ്ത്, ഘാന, നമിബിയ, നൈജീരിയ, സാംബിയ, മലേഷ്യ, ബംഗ്ലാദേശ് എന്നിവിടങ്ങളിൽനിന്നുള്ള ഉദ്യോഗസ്ഥരും ഗവേഷകരും ശിൽപ്പശാലയിൽ പങ്കെടുക്കുന്നു. കേന്ദ്ര ഗ്രാമവികസന മന്ത്രാലയവും ആർഡോയും തമ്മിലുള്ള അന്താരാഷ്ട സഹകരണത്തിന്റെ ഭാഗമായാണ് ശിൽപ്പശാല.